പതിനാലാം കേരള നിയമസഭ

# പിന്നോക്ക സമുദായ ക്ഷേമം സംബന്ധിച്ച സമിതി
# (2016-2019)

## മൂന്നാമത് റിപ്പോർട്ട്

(2018 മാർച്ച് മാസം 26 -ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[പിന്നോക്ക സമുദായ ക്ഷേമ സമിതി (2011-2014)യുടെ രണ്ടാമത് റിപ്പോർട്ടിലെ (വലിയതുറ ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ആന്റ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിലെ ഭൗതിക സൗകര്യങ്ങളും പഠനനിലവാരവും മെച്ചപ്പെടുത്തുന്നതു സംബന്ധിച്ച്) ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സമാഹരിച്ചത്]**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

2018

പതിനാലാം കേരള നിയമസഭ

# പിന്നോക്ക സമുദായ ക്ഷേമം സംബന്ധിച്ച സമിതി
# (2016-2019)

## മൂന്നാമത് റിപ്പോർട്ട്

(2018 മാർച്ച് മാസം 26 -ാം തീയതി സഭയിൽ സമർപ്പിച്ചത്)

[പിന്നോക്ക സമുദായ ക്ഷേമ സമിതി (2011-2014)യുടെ രണ്ടാമത് റിപ്പോർട്ടിലെ
(വലിയതുറ ഗവൺമെൻറ് റീജിയണൽ ഫിഷറീസ്
ടെക്നിക്കൽ ആൻറ് വൊക്കേഷണൽ ഹയർ സെക്കൻഡറി
സ്കൂളിലെ ഭൗതിക സൗകര്യങ്ങളും പഠനനിലവാരവും
മെച്ചപ്പെടുത്തുന്നതു സംബന്ധിച്ച്) ശിപാർശകളിന്മേൽ
സർക്കാർ സ്വീകരിച്ച നടപടികൾ സമാഹരിച്ചത്]

669/2018.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| ആമുഖം | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 9 |

# സമിതിയുടെ ഘടന

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. ചിറ്റയം ഗോപകുമാർ

<u>അംഗങ്ങൾ</u> :

ശ്രീ. കെ. ആൻസലൻ

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

ശ്രീ. ടി. വി. ഇബ്രാഹിം

ശ്രീ. വി. ജോയി

ശ്രീ. കെ. എൻ. എ. ഖാദർ

ശ്രീ. കെ. ഡി. പ്രസേനൻ

ശ്രീ. എസ്. രാജേന്ദ്രൻ

ശ്രീ. പി. കെ. ശശി

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീ. തോമസ് ചെട്ടുപറമ്പിൽ, ജോയിന്റ് സെക്രട്ടറി

ശ്രീ. കെ. സുരേഷ് കുമാർ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ആർ. വേണുഗോപാൽ, അണ്ടർ സെക്രട്ടറി.

# ആമുഖം

പിന്നോക്ക സമുദായ ക്ഷേമം സംബന്ധിച്ച സമിതി (2016-2019) യുടെ അദ്ധ്യക്ഷനായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ മൂന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

വലിയതുറ ഗവൺമെൻറ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ആന്റ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിലെ ഭൗതിക സൗകര്യങ്ങളും പഠനനിലവാരവും മെച്ചപ്പെടുത്തുന്നതു സംബന്ധിച്ച് സമിതി (2011-2014) യുടെ രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകൾ/നിർദ്ദേശങ്ങളിന്മേൽ സർക്കാരിൽ നിന്നും ലഭ്യമായ മറുപടികൾ ഉൾക്കൊള്ളിച്ച് തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2018 മാർച്ച് 21-ാം തീയതി ചേർന്ന സമിതി യോഗമാണ് ഈ റിപ്പോർട്ട് അംഗീകരിച്ചത്.

ചിറ്റയം ഗോപകുമാർ,<br>
*അദ്ധ്യക്ഷൻ,*<br>
*പിന്നോക്ക സമുദായക്ഷേമം*<br>
*സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,<br>
2018 മാർച്ച് 26.

# റിപ്പോർട്ട്

പതിമൂന്നാം കേരള നിയമസഭയുടെ പിന്നോക്ക സമുദായ ക്ഷേമം സംബന്ധിച്ച സമിതി (2011-2014)യുടെ രണ്ടാമത് റിപ്പോർട്ട് (വലിയതുറ ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ആന്റ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിലെ ഭൗതിക സൗകര്യങ്ങളും പഠന നിലവാരവും മെച്ചപ്പെടുത്തുന്നതു സംബന്ധിച്ച്) 2013 മാർച്ച് മാസം 25-ാം തീയതി നിയമസഭയിൽ സമർപ്പിക്കുകയുണ്ടായി. പിന്നാക്ക വിഭാഗക്കാരായ മത്സ്യത്തൊഴിലാളികളുടെ കുട്ടികൾ പഠിക്കുന്ന തിരുവനന്തപുരം ജില്ലയിലെ വലിയതുറ ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ആന്റ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിലെ ഭൗതിക സൗകര്യങ്ങളും പഠനനിലവാരവും മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ പ്രസ്തുത വിഷയം സമിതി സ്വമേധയാ പരിഗണനയ്ക്കെടുക്കുകയും തുടർന്ന് സമിതി നടത്തിയ സ്കൂൾ സന്ദർശനത്തിൽ ബോദ്ധ്യപ്പെട്ട കാര്യങ്ങളുടെയും ബന്ധപ്പെട്ട വകുപ്പുദ്യോഗസ്ഥരുമായുള്ള തെളിവെടുപ്പ് യോഗത്തിൽ ലഭ്യമായ വിശദാംശങ്ങളുടെയും ചർച്ചകളുടെയും അടിസ്ഥാനത്തിൽ പ്രസ്തുത സ്കൂളിന്റെ ഭൗതിക സൗകര്യങ്ങളും പഠനനിലവാരവും മെച്ചപ്പെടുത്തുന്നതിനായി പ്രസ്തുത റിപ്പോർട്ടിലൂടെ 10 ശിപാർശകൾ നൽകുകയും ചെയ്തിരുന്നു.

സമിതിയുടെ സ്കൂൾ സന്ദർശനവേളയിൽത്തന്നെ വിവിധ വകുപ്പു പ്രതിനിധി കളെയും സ്കൂൾ അധികൃതരെയും ഉൾപ്പെടുത്തി വലിയതുറ ഫിഷറീസ് സ്കൂളിന്റെ ശോച്യാവസ്ഥ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കായി ഒരു ഏകോപന സമിതി രൂപീകരിക്കുവാൻ നിർദ്ദേശം നൽകുകയും ആയതിൻ പ്രകാരം 6-12-2012-ലെ സ.ഉ.(സാധാ)നമ്പർ 1028/12/മ.ദു.വ. ഉത്തരവു പ്രകാരം പ്രസ്തുത നിർദ്ദേശം സർക്കാർ നടപ്പാക്കുകയും ചെയ്തിരുന്നു. പിന്നീട് സമിതി റിപ്പോർട്ടിലെ ശിപാർശയുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട എം.പി.,

എം.എൽ.എ. എന്നിവരുടെ പ്രതിനിധികളെ കൂടി പ്രസ്തുത ഏകോപന സമിതിയിൽ ഉൾപ്പെടുത്തി സർക്കാർ ഉത്തരവ് [സ.ഉ. (സാധാ) നമ്പർ 801/13/മ.തു.വ തീയതി 28-9-2013] ഭേദഗതി ചെയ്യുകയുണ്ടായി.

സമിതിയുടെ ശിപാർശകളിന്മേൽ അനന്തര നടപടികൾ സ്വീകരിക്കുന്നതിനായി റിപ്പോർട്ടിന്റെ അച്ചടിച്ചപ്രതി 9-4-2013-ന് ബന്ധപ്പെട്ട വകുപ്പുകൾക്ക് അയച്ചുകൊടുക്കുകയുണ്ടായി. റിപ്പോർട്ടിലെ 1, 2, 3, 4, 6, 7, 8, 10 എന്നീ ശിപാർശകളിന്മേൽ മത്സ്യബന്ധന തുറമുഖ വകുപ്പിൽ നിന്നും ലഭ്യമാക്കിയ ഇടക്കാല മറുപടിയും സ്കൂൾ ഹോസ്റ്റലിലേയ്ക്ക് ആവശ്യമായ ശുദ്ധജല ലഭ്യത ഉറപ്പുവരുത്തുവാൻ വാട്ടർ അതോറിറ്റി നടപടി സ്വീകരിക്കണമെന്ന ടി റിപ്പോർട്ടിലെ നിർദ്ദേശത്തിന്മേൽ ജലവിഭവ (ജലവിതരണ-സി) വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടിയും 20-5-2014-ലെ സമിതിയോഗം പരിഗണിക്കുകയും ഇക്കാര്യത്തിൽ മത്സ്യബന്ധന തുറമുഖ വകുപ്പ് സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് സമിതി അധിക വിവരം ആവശ്യപ്പെടുകയും ചെയ്തു.

<u>സമിതി ആരാഞ്ഞ അധികവിവരങ്ങളിന്മേൽ അനന്തരനടപടികൾ സ്വീകരിച്ച് സമിതിക്ക് താമസംവിനാ മറുപടി ലഭ്യമാക്കേണ്ടതാണ്.</u>

റിപ്പോർട്ടിലെ 1 മുതൽ 10 വരെയുള്ള ശിപാർശകളിന്മേൽ മത്സ്യബന്ധന തുറമുഖ വകുപ്പിൽ നിന്നും ലഭ്യമാക്കിയ അന്തിമ മറുപടി 15-11-2016-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. ഇതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

# സമിതിയുടെ ശിപാർശകൾ/നിർദ്ദേശങ്ങളും അവ സംബന്ധിച്ച് സർക്കാരിൽ നിന്നും ലഭിച്ച മറുപടികളും

| ക്രമ നമ്പർ | ശിപാർശ | സ്വീകരിച്ച നടപടി |
|---|---|---|
| 1 | <u>ശിപാർശ 1</u><br>വലിയതുറ ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ആന്റ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിലെ ഭൗതിക സൗകര്യങ്ങളും പഠന നിലവാരവും മെച്ചപ്പെടുത്തുന്നതിനും സ്കൂളിന്റെ ശോച്യാവസ്ഥ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും ഏകോപിപ്പിക്കുന്നതിനുമായി ഫിഷറീസ്, പൊതുവിദ്യാഭ്യാസം, തദ്ദേശസ്വയംഭരണം, ജലവിഭവം, ഊർജ്ജം, ധനകാര്യം എന്നീ വകുപ്പുകളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരും, എം.പി., എം.എൽ.എ. എന്നിവരുടെ പ്രതിനിധികൾ, ജില്ലാ പഞ്ചായത്ത് പ്രതിനിധി, കോർപ്പറേഷൻ കൗൺസിലർ, സ്കൂൾ അധികൃതർ, രക്ഷാകർതൃ പ്രതിനിധി എന്നിവർ ഉൾപ്പെടുന്ന ഒരു ഏകോപന സമിതി രൂപീകരിക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ ഇപ്രകാരം രൂപീകരിക്കുന്ന ഏകോപന സമിതി മാസത്തിലൊരിക്കലെങ്കിലും യോഗം ചേരണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | <u>മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്</u><br>(ഗവ. കത്ത് നമ്പർ 15541/സി2/12/മ. തു വ . തീയതി 13-6-2016)<br><u>സ്വീകരിച്ച നടപടി (1 & 2)</u><br>സർക്കാർ ഉത്തരവ് നമ്പർ 1028/12/മ.തു.വ തീയതി 6-12- 2012 പ്രകാരം ഏകോപന സമിതി രൂപീകരിച്ച് ഉത്തരവാകുകയും ടി സമിതിയിൽ ബന്ധപ്പെട്ട എം.പി., എം.എൽ.എ. എന്നിവരുടെ പ്രതിനിധികളെക്കൂടി ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടതനുസരിച്ച് 28-9-2013-ലെ 801/13/മ.തു.വ. പ്രകാരം ഭേദഗതി ചെയ്ത് ഉത്തരവാകുകയും ചെയ്തു. വലിയതുറ ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ & വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിന്റെ ശോച്യാവസ്ഥ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും ഏകോപിപ്പിക്കുന്നതിനും അറ്റകുറ്റപ്പണികൾ നിർവ്വഹിക്കുന്നതിനുള്ള തീരുമാനങ്ങൾ കൈക്കൊള്ളുന്നതായി ഏകോപന സമിതി യോഗം ശുപാർശ ചെയ്ത് നടപടികൾ സ്വീകരിച്ച് വരുന്നു. |

| | | |
|---|---|---|
| 2 | <u>ശിപാർശ 2</u><br>സ്കൂളിന്റെയും ഹോസ്റ്റലിന്റെയും എല്ലാ പ്രവർത്തനങ്ങളും പ്രസ്തുത സമിതിയുടെ നിർദ്ദേശങ്ങളുടെയും ഉപദേശങ്ങളുടെയും അടിസ്ഥാനത്തിൽ നടത്തുന്നതിനും, ഇപ്രകാരം നടപ്പിലാക്കുന്ന വിവിധ പദ്ധതികളെ മോണിട്ടർ ചെയ്യുന്നതിനുമുള്ള സംവിധാനങ്ങൾ സർക്കാർ തലത്തിൽ ഉണ്ടാക്കുന്നതിനുമുള്ള അടിയന്തര നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | |
| 3 | <u>ശിപാർശ 3</u><br>13-ാം ധനകാര്യ കമ്മീഷന്റെ അവാർഡ് ഗ്രാന്റ് ഉപയോഗിച്ച് മാതൃകാ മത്സ്യ ഗ്രാമ പദ്ധതിയിൽ ഉൾപ്പെടുത്തി ഫിഷറീസ് സ്കൂൾ പുനരുദ്ധാരണം നടത്തുന്നതുവരെ നിലവിലെ അപര്യാപ്തതകൾ അടിയന്തരമായി പരിഹരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | <u>സ്വീകരിച്ച നടപടി</u><br>ചോർച്ചയുള്ള ബാത്ത്റൂമുകൾ മാറ്റി 16 പുതിയ ബാത്ത്റൂമുകളും വാട്ടർ ടാപ്പുകളുടെ അറ്റകുറ്റപ്പണിയും ജില്ലാ പഞ്ചായത്ത് നടത്തിയിട്ടുണ്ട്. പാചകപ്പുര പുതുതായി നിർമ്മിച്ചിട്ടുണ്ട്. ഹോസ്റ്റൽ കെട്ടിടത്തിൽ വൈദ്യുതി കണക്ഷൻ ലഭ്യമാക്കി യിട്ടുണ്ട്. 13-ാം ധനകാര്യ കമ്മീഷൻ അവാർഡിൽ ഉൾപ്പെടുത്തി ഫിഷറീസ് സ്കൂളുകളുടെ നവീകരണത്തിനായി പുനരുദ്ധാരണ പ്രവൃത്തികൾ തീരദേശ വികസന കോർപ്പറേഷൻ മുഖേന നടത്തി വരുന്നു. കൂടാതെ ബാലാവകാശ കമ്മീഷന്റെ ശുപാർശ പ്രകാരം ഫിഷറീസ് സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി പ്രൊപ്പോസലും എസ്റ്റിമേറ്റും തയ്യാറാക്കി ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ സമർപ്പിച്ചതനുസരിച്ച് ഫിഷറീസ് ഡയറക്ടർ നടപടികൾ സ്വീകരിച്ച് വരുന്നു. |
| 4 | <u>ശിപാർശ 4</u><br>സ്കൂളിന്റെ ഭൗതിക സാഹചര്യം വർദ്ധിപ്പിക്കുന്നതിനും, ടീച്ചിംഗ്-നോൺ ടീച്ചിംഗ് സ്റ്റാഫിനെ നിയമിക്കുന്നതിനും ആവശ്യമായ അടിയന്തര നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | <u>സ്വീകരിച്ച നടപടി</u><br>Teaching Staff-നെ Education Department മുഖേന നിയമിക്കുവാൻ (ഇംഗ്ലീഷ് & ബയോളജി) നടപടി സ്വീകരിച്ചിട്ടുണ്ട്. നിലവിൽ സ്കൂളിലുണ്ടായിരുന്ന ഫിഷറീസ് |

| | | |
|---|---|---|
| | | വകുപ്പിലെ സീനിയർ മെക്കാനിക്കൽ ഇൻസ്ട്രക്ടറുടെ സേവനം ജില്ലാ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർക്ക് വിട്ടുകൊടുത്തിട്ടുണ്ട്.<br>**സമിതി ആരാഞ്ഞ അധികവിവരം**<br>വലിയതുറ ഫിഷറീസ് ടെക്നിക്കൽ ആന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിൽ അദ്ധ്യാപക - അനദ്ധ്യാപക ജീവനക്കാരെ നിയമിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുക. |
| 5<br><br><br><br><br><br><br>6 | **ശിപാർശ 5**<br>ഹോസ്റ്റലിൽ താമസിച്ച് പഠിക്കുന്ന കുട്ടികൾക്ക് ആവശ്യമായ കിടക്ക, കസേര, മേശ എന്നിവയും ഇവരുടെ പുസ്തകങ്ങളും ഡ്രസ്സുകളും വെയ്ക്കുന്നതിനാവശ്യമായ റാക്കുകളും അലമാരകളും ഉടനടി ലഭ്യമാക്കുന്നതിനും ഇവർക്ക് ഭക്ഷണം കഴിക്കുന്നതിന് ആവശ്യമായ സൗകര്യങ്ങൾ ഹോസ്റ്റൽ മെസ്സ് ഹാളിൽ ഏർപ്പെടുത്തുന്നതിനും അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.<br><br>**ശിപാർശ 6**<br>ഹോസ്റ്റലിന്റെയും കുട്ടികളുടെയും സുരക്ഷയ്ക്കായി പൊളിഞ്ഞു കിടക്കുന്ന ചുറ്റുമതിൽ പുനർനിർമ്മിക്കുന്നതിനും കായികോല്ലാസത്തിനായി, നിലവിൽ ഉപയോഗശൂന്യമായി കാട് പിടിച്ചുകിടക്കുന്ന കളിസ്ഥലം ഉപയോഗയോഗ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | **സ്വീകരിച്ച നടപടി (5 & 6)**<br>ഹോസ്റ്റലിൽ താമസിച്ച് പഠിക്കുന്ന കുട്ടികൾക്കാവശ്യമായ കിടക്ക, കസേര, മേശ എന്നിവയും ഇവരുടെ പുസ്തകങ്ങളും ഡ്രസ്സുകളും വയ്ക്കുന്നതിനാവശ്യമായ സൗകര്യങ്ങളും ചെയ്തിട്ടുണ്ട്. നിലവിലുള്ളതിൽ അധികമായി ആവശ്യമുള്ള അടിസ്ഥാന സൗകര്യങ്ങൾക്കായി പ്രൊപ്പോസലും എസ്റ്റിമേറ്റും ആവശ്യപ്പെട്ടതനുസരിച്ച് ഫിഷറീസ് ഡയറക്ടർ ലഭ്യമാക്കുകയും അതിന്മേൽ നടപടി സ്വീകരിച്ചു വരുന്നുമുണ്ട്.<br>**സമതി ആരാഞ്ഞ അധികവിവരം**<br>വലിയതുറ ഫിഷറീസ് ടെക്നിക്കൽ ആന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് ഫിഷറീസ് ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസലിന്റെയും എസ്റ്റിമേറ്റിന്റെയും അടിസ്ഥാനത്തിൽ സ്വീകരിച്ച തുടർനടപടികളുടെ പുരോഗതിയും നിലവിലെ സ്ഥിതിയും വ്യക്തമാക്കുക. |

| | | |
|---|---|---|
| 7 | <u>ശിപാർശ 7</u><br>ഹോസ്റ്റലിലെ കുട്ടികൾക്ക് നിലവിലുള്ള മെസ് അലവൻസായ 1,000 രൂപ നിലവിലുള്ള സാഹചര്യത്തിൽ തീരെ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയുണ്ടായി. ഈ തുക അടിയന്തരമായി 1,500 രൂപയായി വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | <u>സ്വീകരിച്ച നടപടി</u><br>ഹോസ്റ്റലിലെ കുട്ടികൾക്ക് മെസ്സ് അലവൻസ് 2000 രൂപയായി ഉയർത്തി അനുവദിച്ച നൽകിയിട്ടുണ്ട്. |
| 8 | <u>ശിപാർശ 8</u><br>100-ൽപ്പരം കുട്ടികൾക്ക് ഭക്ഷണം പാചകം ചെയ്യുന്നതിനായി ഹോസ്റ്റൽ മെസിന് പ്രതിമാസം പതിനാറോളം ഗ്യാസ് സിലിണ്ടറുകൾ ആവശ്യമായി വരുന്ന സാഹചര്യത്തിൽ ഇത്രയും സിലിണ്ടറുകൾ സബ്സിഡി നിരക്കിൽ സ്കൂളിൽ ലഭ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | <u>സ്വീകരിച്ച നടപടി</u><br>സ്കൂളിലെ കുട്ടികൾക്ക് ഭക്ഷണം പാചകം ചെയ്യുന്നതിനായി ആവശ്യമായ ഗ്യാസ് സിലിണ്ടറുകൾ ലഭ്യമാണ്. ബയോഗ്യാസ് പ്ലാന്റ് കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനാൽ പാചക വാതകത്തിന് അപര്യാപ്തതയില്ല. |
| 9 | <u>ശിപാർശ 9</u><br>വിപണി നിരക്കിൽ വാങ്ങുന്ന ഗ്യാസ് സിലിണ്ടറുകളുടെ ഉപയോഗം പരമാവധി കുറയ്ക്കുന്നതിലേക്കായി പാചക-ഭക്ഷണാവശിഷ്ടങ്ങൾ സംസ്കരിച്ച് പാചകവാതകം ഉൽപ്പാദിപ്പിക്കുന്നതിനായി ഒരു ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. | <u>സ്വീകരിച്ച നടപടി</u><br>13-ാം ധനകാര്യ കമ്മീഷൻ അവാർഡിൽ ഉൾപ്പെടുത്തി സ്കൂളിന്റെ അടിസ്ഥാന സൗകര്യ വികസനത്തിൽ ഉൾപ്പെടുത്തി ഇതിനോടകം തന്നെ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ട്. |
| 10 | <u>ശിപാർശ 10</u><br>കേരളത്തിലെ മറ്റ് 9 ഫിഷറീസ് സ്കൂളുകളുടെയും ഭൗതിക സാഹചര്യങ്ങളും പഠനനിലവാരവും മെച്ചപ്പെടുത്തുന്നതിന് വലിയതുറ റീജിയണൽ ഫിഷറീസ് ഹയർ സെക്കൻഡറി സ്കൂളിൽ ഏർപ്പെടുത്തിയ മാതൃകയിൽ സ്കൂൾ പ്രതിനിധികളും ബന്ധപ്പെട്ട വകുപ്പുകളുടെ | <u>സ്വീകരിച്ച നടപടി</u><br>മറ്റ് 9 സ്കൂളുകളിലെ ഭൗതിക സാഹചര്യവും പഠന നിലവാരവും മെച്ചപ്പെടുത്തുന്നതിന് വലിയതുറ റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹയർ സെക്കന്ററി സ്കൂളിൽ ഏർപ്പെടുത്തിയതുപോലെ ഏകോപന സമിതി രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

| | | |
|---|---|---|
| | പ്രതിനിധികളും, എം.പി., എം.എൽ.എ. എന്നിവരുടെ പ്രതിനിധികളും ഉൾപ്പെടുന്ന ഏകോപന സമിതി എല്ലാ സ്ഥലങ്ങളിലും രൂപീകരിക്കുന്നതിനും ഇപ്രകാരം നടപ്പിലാക്കുന്ന വിവിധ പദ്ധതികളെ ഏകോപിപ്പിക്കുന്നതിനും മോണിറ്റർ ചെയ്യുന്നതിനും സ്ഥിരം സംവിധാനം ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | |
| 11 | <u>സമിതി നിർദ്ദേശം</u><br>വലിയതുറ ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ & വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിലെ ഹോസ്റ്റലിലേക്ക് ആവശ്യമായ ശുദ്ധജല ലഭ്യത ഉറപ്പുവരുത്താൻ വാട്ടർ അതോറിറ്റി നടപടി സ്വീകരിക്കുക. | <u>സ്വീകരിച്ച നടപടി</u><br><u>ജലവിഭവ (ജലവിതരണ-സി) വകുപ്പ്</u><br>(ഗവ. കത്ത് നമ്പർ 11221/സി1/13/ജ.വി.വ. തീയതി 7-1-2014)<br>വലിയതുറ ഫിഷറീസ് ടെക്നിക്കൽ ആന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിന്റെ ഹോസ്റ്റലിലേക്ക് ആവശ്യമായ ശുദ്ധജല ലഭ്യത ഉറപ്പുവരുത്തുവാൻ വാട്ടർ അതോറിറ്റി നടപടി സ്വീകരിക്കണമെന്ന് പിന്നോക്ക സമുദായ ക്ഷേമ സമിതി (2011-14)-യുടെ രണ്ടാമത് റിപ്പോർട്ടിൽ സമിതി നിർദ്ദേശിച്ചിരുന്നു. ഈ നിർദ്ദേശം കേരള വാട്ടർ അതോറിറ്റിയുമായി ചേർന്ന് പരിശോധിച്ചു.<br>ഫിഷറീസ് ടെക്നിക്കൽ ഹയർ സെക്കന്ററി സ്കൂളിലേയ്ക്ക് നിലവിൽ ഒരു വാട്ടർ കണക്ഷൻ നൽകിയിട്ടുണ്ടെന്നും ടി വാട്ടർ കണക്ഷൻ കൺസ്യൂമർ നമ്പർ MDD-1165/N-ൽ ഇപ്പോൾ അടിയന്തര ആവശ്യങ്ങൾക്കുള്ള വെള്ളം ലഭ്യമാണെന്നും കൂടുതൽ വെള്ളം ലഭ്യമാക്കുവാൻ സ്ഥലം പരിശോധിച്ച് 4,35,000/- രൂപയുടെ ഒരു എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടെന്നും അതിൽ 2000 ലിറ്റർ സംഭരണ ശേഷിയുള്ള ഒരു ഭൂഗർഭ ജല ടാങ്ക്, 3 മീറ്റർ ഉയരത്തിൽ 5000 ലിറ്റർ സംഭരണശേഷിയുള്ള |

| | | |
|---|---|---|
| | | ഒരു ഉപരിതല ജലസംഭരണി, 1 എച്ച്.പി. ശേഷിയുള്ള സെൻട്രിഫ്യൂഗൽ പമ്പ് സെറ്റ്, ഇലക്ട്രിക്കൽ വർക്ക് തുടങ്ങിയവ ഉൾപ്പെടുത്തി യിട്ടുണ്ടെന്നും മേൽ എസ്റ്റിമേറ്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി പി.എച്ച്. ഡിവിഷൻ തിരുവനന്തപുരം, ഫിഷറീസ് ഡയറക്ടർ, ഫിഷറീസ് ടെക്നിക്കൽ സ്കൂളിന് എസ്റ്റിമേറ്റ് തുക ഡെപ്പോസിറ്റ് ചെയ്യുന്നതിലേക്കായി സമർപ്പിച്ചിട്ടുണ്ടെന്നും എന്നാൽ ഫണ്ട് ഇതുവരെ ലഭ്യമായി ട്ടില്ലായെന്നും കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്ന വിവരം സവിനയം അറിയിച്ചു കൊള്ളുന്നു. |
| | | <u>സമിതി ആരാഞ്ഞ അധികവിവരം</u><br><u>വലിയതുറ ഫിഷറീസ് ടെക്നിക്കൽ ആന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിന്റെ ഹോസ്റ്റലിലേക്ക് കൂടുതൽ വെള്ളം ലഭ്യമാക്കുന്നതിനായി വാട്ടർ അതോറിറ്റി തയ്യാറാക്കിയ അടങ്കൽ തുക പ്രകാരം തുക ഡെപ്പോസിറ്റ് ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കുക.</u> |



ചിറ്റയം ഗോപകുമാർ,

*അദ്ധ്യക്ഷൻ,*

*പിന്നോക്ക സമുദായ ക്ഷേമം സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,

2018 മാർച്ച് 21

അനുബന്ധം

# കേരള സർക്കാർ

സംഗ്രഹം

മത്സ്യബന്ധന തുറമുഖ വകുപ്പ് - വലിയതുറ ഫിഷറീസ് ടെക്നിക്കൽ ഹയർ സെക്കന്ററി സ്ക്കൂളിന്റെ ശോച്യാവസ്ഥ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കായി ഏകോപന സമിതി രൂപീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്

സ.ഉ (സാധാ) നമ്പർ:1028/12/മതുവ തിരുവനന്തപുരം, തീയതി:06/12/2012

---

പരാമർശം:- 1. കേരള നിയമസഭ സെക്രട്ടറിയേറ്റിലെ 14/11/2012-ലെ 4956/ ബി.സി.സി2/12/ലെജി , 26/11/2012-ലെ 5558/ ബി.സി.സി1/ 12/ലെജി എന്നീ കത്തുകൾ.

2. 03/12/2012-ലെ കെ2/25257/12 നമ്പരായ ഫിഷറീസ് ഡയറക്ടറുടെ റിപ്പോർട്ട്.

3. 04/12/2012-ന് നിയമസഭാ കോംപ്ലക്സിൽ വച്ച് നടത്തിയ തെളിവെടുപ്പ് യോഗത്തിലെ തീരുമാനം.

## ഉത്തരവ്

പിന്നോക്ക സമുദായ ക്ഷേമസമിതി (2011-14), 2012 നവംബർ 21-ന് വലിയതുറ ഫിഷറീസ് ടെക്നിക്കൽ ഹയർ സെക്കന്ററി സ്ക്കൂൾ സന്ദർശിച്ച് ശോച്യാവസ്ഥ നേരിൽ കണ്ടതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്ക്കൂളിലെ പഠന സൗകര്യങ്ങളും ഹോസ്റ്റൽ സൗകര്യങ്ങളും മറ്റ് അനുബന്ധ സൗകര്യങ്ങളും മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച് നിയമസഭാ കോംപ്ലക്സിലെ VD കോൺഫറൻസ് ഹാളിൽ വച്ച് നടത്തിയ തെളിവെടുപ്പ് യോഗത്തിൽ മത്സ്യബന്ധനം, തദ്ദേശസ്വയംഭരണം, ജലവിഭവം, വൈദ്യുതി, പൊതുവിദ്യാഭ്യാസം എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരും തിരുവനന്തപുരം ജില്ലാ പഞ്ചായത്ത്, തിരുവനന്തപുരം നഗരസഭ ഉദ്യോഗസ്ഥരും സ്ക്കൂൾ അധികൃതരും പി.റ്റി.എ. അംഗങ്ങളും ഉൾപ്പെടുന്ന ഒരു ഏകോപന സമിതി രൂപീകരിക്കണമെന്ന് നിർദ്ദേശിക്കുക യുണ്ടായി.

ഈ സാഹചര്യത്തിൽ സമിതി ശുപാർശ ചെയ്തത്പ്രകാരം വലിയതുറ ഫിഷറീസ് ടെക്നിക്കൽ ഹയർ സെക്കന്ററി സ്കൂളിന്റെ ശോച്യാവസ്ഥ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും ഏകോപിപ്പിക്കുന്നതിനുമായി താഴെ പറയുന്ന അംഗങ്ങൾ ഉൾപ്പെടുന്ന ഒരു ഏകോപന സമിതി രൂപീകരിച്ച് ഉത്തരവാകുന്നു.

1. ഫിഷറീസ് വകുപ്പ് ഡയറക്ടർ - ചെയർമാൻ
2. സെക്രട്ടറി, ജില്ലാ പഞ്ചായത്ത്, തിരുവനന്തപുരം - കൺവീനർ
3. സെക്രട്ടറി. തിരുവനന്തപുരം നഗരസഭ - അംഗം
4. സ്കൂൾ നില്ക്കുന്ന പ്രദേശത്തിന്റെ ചുമതലയുള്ള കേരള വാട്ടർ അതോറിറ്റിയുടെ എക്സിക്യൂട്ടീവ് എഞ്ചിനീയർ - അംഗം
5. സ്കൂൾ നില്ക്കുന്ന പ്രദേശത്തിന്റെ ചുമതലയുള്ള കെ.എസ്.ഇ.ബി യുടെ. എക്സിക്യൂട്ടീവ് എഞ്ചിനീയർ - അംഗം
6. ഡെപ്യൂട്ടി ഡയറക്ടർ (കരിക്കുലം) വൊക്കേഷണൽ ഹയർ സെക്കന്ററി ഡയറക്ടറേറ്റ് - അംഗം
7. വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം - അംഗം
8. ഫിഷറീസ് വകുപ്പിന്റെ ഡെപ്യൂട്ടി ഡയറക്ടർ - അംഗം
9. പ്രിൻസിപ്പൽ, വലിയതുറ ടെക്നിക്കൽ ഹയർ സെക്കന്ററി സ്കൂൾ - അംഗം
10. ഹെഡ്മിസ്ട്രസ്, വലിയതുറ ടെക്നിക്കൽ ഹയർ സെക്കന്ററി സ്കൂൾ - അംഗം
11. പി.റ്റി.എ. പ്രസിഡന്റ്, വലിയതുറ ടെക്നിക്കൽ ഹയർ സെക്കന്ററി സ്കൂൾ - അംഗം

7. പിന്നോക്ക സമുദായ ക്ഷേമസമിതി ശുപാർശ ചെയ്തത് പ്രകാരം വലിയതുറ ഫിഷറീസ് ടെക്നിക്കൽ ഹയർ സെക്കന്ററി സ്കൂളിന്റെ ഇപ്പോഴത്തെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികളെക്കുറിച്ചുള്ള റിപ്പോർട്ട് ഏകോപന സമിതി 31/12/2012-ന് മുൻപായി നിയമസഭാ പിന്നോക്ക സമുദായ ക്ഷേമസമിതിക്ക് ലഭ്യമാക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം
ജെയിംസ് വർഗീസ്
പ്രിൻസിപ്പൽ സെക്രട്ടറി

To,

(1) സെക്രട്ടറി, നിയമസഭാ, തിരുവനന്തപുരം.
(2) ചെയർമാൻ, പിന്നോക്ക സമുദായ ക്ഷേമസമിതി, കേരള നിയമസഭ, തിരുവനന്തപുരം.
(3) മേയർ. തിരുവനന്തപുരം നഗരസഭ.
(4) സെക്രട്ടറി. തിരുവനന്തപുരം നഗരസഭ.
(5) പ്രസിഡന്റ്, തിരുവനന്തപുരം ജില്ലാ പഞ്ചായത്ത്.
(6) സെക്രട്ടറി, തിരുവനന്തപുരം ജില്ലാ പഞ്ചായത്ത്.
(7) ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം.

(8) മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി.
(9) ചെയർമാൻ, കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ്.

(8, 9) ഉത്തരവിൽ പറയുന്ന എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ സാന്നിദ്ധ്യം ഉറപ്പു വരുത്തേണ്ടതാണ്.

(10) ഉപവിദ്യാഭ്യാസ ഡയറക്ടർ. തിരുവനന്തപുരം.
(11) ഉപവിദ്യാഭ്യാസ ഡയറക്ടർ. കരിക്കുലം) വൊക്കേഷണൽ ഹയർ സെക്കന്ററി ഡയറക്ടറേറ്റ്, തിരുവനന്തപുരം.
(12) ഡെപ്യൂട്ടി ഡയറക്ടർ, ഫിഷറീസ്, തിരുവനന്തപുരം.

(13) തദ്ദേശ സ്വയംഭരണ വകുപ്പ്.
(14) ജലവിഭവ വകുപ്പ്
(15) ഊർജ്ജ വകുപ്പ്.
(16) പൊതുവിദ്യാഭ്യാസ വകുപ്പ്.

(13–16) ഉത്തരവിൽ പറയുന്ന ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യം ഉറപ്പു വരുത്തേണ്ടതാണ്.

(17) ഡയറക്ടർ. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ്, തിരുവനന്തപുരം.
(18) സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

# കേരള സർക്കാർ

സംഗ്രഹം

മത്സ്യബന്ധന തുറമുഖ വകുപ്പ് - വലിയതുറ ഫിഷറീസ് ടെക്നിക്കൽ ഹയർ സെക്കന്ററി സ്കൂളിന്റെ ശോച്യാവസ്ഥ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കായി രൂപീകരിച്ചിട്ടുള്ള ഏകോപനസമിതി ഭേദഗതി ചെയ്ത് ഉത്തരവാകുന്നു.

മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്

സ.ഉ (സാധാ) നം.801/13/മ.തു.വ — തീയതി, തിരുവനന്തപുരം: 28.09.2013

പരാമർശം. 1. 06.12.2012-ലെ സർക്കാർ ഉത്തരവ് (സാധാ) നം. 1028/12/മ.തു.വ).

2. 20.07.2013-ലെ 791/ബി.സി.സി2/2013/ലെജി.നമ്പരായ കേരള നിയമസഭ സെക്രട്ടറിയുടെ കത്ത്.

## ഉത്തരവ്

പിന്നോക്ക സമുദായ ക്ഷേമ സമിതി (2011-14) 2012 നവംബർ 21-ന് വലിയതുറ ഫിഷറീസ് ടെക്നിക്കൽ ഹയർ സെക്കന്ററി സ്കൂൾ സന്ദർശിച്ച് ശോച്യാവസ്ഥ നേരിൽ കണ്ടതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്കൂളിലെ പഠന സൗകര്യങ്ങളും ഹോസ്റ്റൽ സൗകര്യങ്ങളും മറ്റ് അനുബന്ധ സൗകര്യങ്ങളും മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച് നിയമസഭാ കോംപ്ലക്സിലെ VD കോൺഫറൻസ് ഹാളിൽ വച്ച് നടത്തിയ തെളിവെടുപ്പ് യോഗത്തിൽ തീരുമാനിച്ചതനുസരിച്ച് മത്സ്യബന്ധനം, തദ്ദേശ സ്വയം ഭരണം, ജലവിഭവം, വൈദ്യുതി, പൊതുവിദ്യാഭ്യാസം എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരും തിരുവനന്തപുരം ജില്ലാ പഞ്ചായത്ത്, തിരുവനന്തപുരം നഗരസഭ ഉദ്യോഗസ്ഥരും സ്കൂൾ അധികൃതരും പി.റ്റി.എ അംഗങ്ങളും ഉൾപ്പെടുന്ന ഒരു ഏകോപന സമിതി പരാമർശം ഒന്നിലെ സർക്കാർ ഉത്തരവ് പ്രകാരം രൂപീകൃതമായി.

പിന്നോക്ക സമുദായ ക്ഷേമ സമിതി (2011-14) -യുടെ രണ്ടാമത് റിപ്പോർട്ടിൽ ഏകോപന സമിതിയിൽ എം.പി, എം.എൽ.എ എന്നിവരുടെ പ്രതിനിധികളെ കൂടെ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടിരുന്നു. മേൽവിവരിച്ച സാഹചര്യത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് വലിയ തുറ ഫിഷറീസ് ടെക്നിക്കൽ & വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളിന്റ ശോച്യാവസ്ഥ പരിഹരിക്കുന്നതിനായി പരാമർശം ഒന്ന് പ്രകാരം രൂപീകരിച്ചിട്ടുള്ള ഏകോപന സമിതിയിൽ ബന്ധപ്പെട്ട എം.പി. എം.എൽ.എ. എന്നിവരുടെ പ്രതിനിധികളെ കൂടി ഉൾപ്പെടുത്തി ഭേദഗതി ചെയ്ത് കൊണ്ട് ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻപ്രകാരം
ജയിംസ് വർഗ്ഗീസ്
പ്രിൻസിപ്പൽ സെക്രട്ടറി

To

സെക്രട്ടറി, കേരള നിയമസഭാ, തിരുവനന്തപുരം
ചെയർമാൻ, പിന്നോക്ക സമുദായ ക്ഷേമസമിതി, കേരള നിയമസഭ, തിരുവനന്തപുരം
മേയർ, തിരുവനന്തപുരം നഗരസഭ
സെക്രട്ടറി, തിരുവനന്തപുരം നഗരസഭ
പ്രസിഡന്റ്, തിരുവനന്തപുരം ജില്ലാ പഞ്ചായത്ത്
സെക്രട്ടറി, തിരുവനന്തപുരം ജില്ലാ പഞ്ചായത്ത്
ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം

മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി
ചെയർമാൻ, കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ്
ഉപവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ഉപവിദ്യാഭ്യാസ ഡയറക്ടർ, കരിക്കുലം വൊക്കേഷണൽ ഹയർ സെക്കന്ററി ഡയറക്ടറേറ്റ്, തിരുവനന്തപുരം.

ഡെപ്യൂട്ടി ഡയറക്ടർ, ഫിഷറീസ്, തിരുവനന്തപുരം
തദ്ദേശ സ്വയം ഭരണ വകുപ്പ്
ജലവിഭവ വകുപ്പ്
ഊർജ്ജ വകുപ്പ്
പൊതുവിദ്യാഭ്യാസ വകുപ്പ്
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ്, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ആഫീസർ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2018

കേരള നിയമസഭാ പ്രിൻറിംഗ് പ്രസ്സ്.